**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 41** **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി യുവ സംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ടു പദ്ധതികളാണ് കേരളാ സ്റ്റാർട്ടർപ്പ് മിഷൻ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നത്. സ്കൂൾ, കോളേജ് തലം മുതൽ സാങ്കേതികത, നൂതനത, സംരംഭകത്വം എന്നിവയിൽ താൽപര്യം ജനിപ്പിക്കുന്നതു മുതൽ അതിലൂടെ ലഭ്യമാകുന്ന മികച്ച ആശയങ്ങളെ സ്റ്റാർട്ടപ്പുകൾ ആക്കുന്നതിനും, മെന്ററിംഗ്, ഇൻകുബേഷൻ, വിപണനത്തിനുള്ള സഹായം, നിക്ഷേപം ലഭ്യമാകുന്നതിനുള്ള സഹായം എന്നിവ നൽകി മികച്ച കമ്പനിയാകുന്നതുവരെയുള്ള ഘട്ടങ്ങളിൽ വേണ്ട സഹായം ലഭ്യമാക്കുന്നതാണ് യുവ സംരംഭകത്വ പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്: 1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട് 2. ഇൻകുബേഷൻ സഹായം 3. വിജ്ഞാന നൈപുണ്യ വികസനം 4. ആക്സിലറേറ്റർ 5. ഫണ്ടിംഗും സംരംഭ വികസനവും 6. പ്രോഡക്ടൈസേഷനും മാർക്കറ്റിങ്ങും 7. വിനിമയവും അന്തർദേശീയ ഉൾക്കൊള്ളലും (Exchanges and Global Immersion) 8. ഗവേഷണ നൂതന പരിപാടികൾ 9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും സ്റ്റാർട്ടപ്പ് മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരമുള്ള 6 ലക്ഷം ചതുരശ്ര അടിയോളം സ്ഥലം തിരുവനന്തപുരം ടെക്നോപാർക്ക്, കോഴിക്കോട്, കാസർഗോഡ്, പാലക്കാട് എന്നീ സ്ഥലങ്ങളിലായി അടിസ്ഥാനസൗകര്യത്തിനായി ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ